**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരവികസന പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുകയും സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിന് വേണ്ടി സ്വയം തൊഴിൽ സാധ്യമാക്കുക, അത്യുല്പാദന ശേഷിയുള്ള പശുക്കളെ പരിപാലിക്കുന്നതോടൊപ്പം യന്ത്രവത്കൃത സാധ്യതകൾ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യത്തോടുകൂടിയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; മണ്ഡലവും പഞ്ചായത്തും തിരിച്ച് വിശദാംശം നൽകാമോ; | (ബി) | ഇടുക്കി ജില്ലയിലെ പീരിമേട് നിയോജക മണ്ഡലത്തിലെ ചക്കുപള്ളം ഗ്രാമ പഞ്ചായത്തിലാണ് നിലവിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | ഉടുമ്പൻചോല മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിൽ വരുത്തുമോ? | (സി) | കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരെഞ്ഞെടുത്ത് അവിടെ പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ